LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് സർവ്വീസ് കമ്മീഷനു മുമ്പിൽ ഇന്റർവ്യൂവിന് വരുന്നവർക്ക് ലഘുഭക്ഷണം കൊടുക്കുവാൻ നടപടി

18 [31] *ശ്രീ. വി. ജെ. പൗലോസ്:*

„ *ജോർജ് ജെ. മാത്യു:*

„ *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുമ്പാകെ ഇന്റർവ്യൂവിന് വരുന്നവർക്ക് ലഘുഭക്ഷണം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഓരോരുത്തർക്കും എത്ര രൂപയ്ക്കുള്ള ലഘുഭക്ഷണം കൊടുക്കുവാനാണുദ്ദേശിക്കുന്നത്;

(സി) ഇന്റർവ്യൂവിന് വരുന്നവരുടെ എണ്ണം കണക്കാക്കി ലഘുഭക്ഷണത്തിനുള്ള തുക മുൻകൂട്ടി നൽകുവാനാണോ ഉദ്ദേശിക്കുന്നത്;

(ഡി) ലഘുഭക്ഷണം എപ്പോൾ കൊടുക്കുവാനാണുദ്ദേശിക്കുന്നത്;

(ഇ) ലഘുഭക്ഷണം നൽകുന്നതിന് കമ്മീഷൻവഴി ആളുകളെ നിശ്ചയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) പി.എസ്.സി.-യുടെ ജില്ലാ ഓഫീസുകളിലും, പി.എസ്.സി. തിരുവനന്തപുരത്തിനു പുറത്ത് പി.എസ്.സി.-യുടെ ജില്ലാ ഓഫീസുകളിൽ വച്ചല്ലാതെയും നടത്തുന്ന ഇന്റർവ്യൂവിന് പങ്കെടുക്കുന്നവർക്കും ലഘുഭക്ഷണം കൊടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ഇതിനെന്ത് ചെലവുവരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എച്ച്) പ്രസ്തുത ചെലവ് വഹിക്കാൻ തയ്യാറുണ്ടോ എന്ന് ഗവൺമെന്റുമായി കൂടിയാലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) – (എച്ച്) പി.എസ്.സി.-യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിലെ ഒഴിവുകൾ

19 [33] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽനിന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;